(സി) ഇത് ഉടൻതന്നെ നൽകുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചില സാങ്കേതിക കാരണങ്ങളാലാണ് 1985 സെപ്തംബറിൽ നടത്തിയ പരീക്ഷയുടെ പ്രതിഫലം നൽകാതിരിക്കുന്നത്.

(സി) പ്രതിഫലം നൽകുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ കന്നട വിദ്യാർത്ഥികൾ മലയാളം പഠിക്കണമെന്ന ഉത്തരവ്

967 [1163] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളത്തിലെ കന്നട വിദ്യാർത്ഥികൾ ആഴ്ചയിൽ രണ്ട് പീരിയഡ് മലയാളം പഠിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഈ ഉത്തരവ് റദ്ദാക്കണമെന്ന് കർണ്ണാടക സമിതി സർക്കാരിന് നിവേദനം നൽകിയിരുന്നുവോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറ് നിലപാട് വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിനുവേണ്ടി സമിതി സമരം നടത്താൻ പോകുന്നു എന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ വിദ്യാർത്ഥികൾ കേരളത്തിലെ ഔദ്യോഗിക ഭാഷയും പ്രാദേശിക ഭാഷയുമായ മലയാളംകൂടി പഠിച്ചിരിക്കണം എന്നതാണ് ഗവൺമെൻറ് നയം.

(സി) നൽകിയിരുന്നു. അതിൻമേൽ അന്തിമ തീരുമാനമെടുക്കുകയും അത് സമിതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേരളത്തിലെ പ്രാദേശിക ഭാഷയും ഔദ്യോഗിക ഭാഷയുമായ മലയാളം ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികളും പഠിച്ചിരിക്കണം എന്നതാണ് ഗവൺമെൻറ് നയം. ഔദ്യോഗിക ഭാഷയായ മലയാളം പഠിക്കുന്നതിനുള്ള അവസരം ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നിഷേധിക്കുന്നത് ഭാവിയിൽ അവർക്ക് ദോഷം ചെയ്യും. ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മലയാള പഠനം നിർബന്ധിതമാക്കിയിരിക്കുന്നത് അവരുടെ ഉത്തമ താൽപ്പര്യത്തെ കരുതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സമിതി സമരം നടത്താൻ പോകുന്നു എന്നുള്ള പത്രവാർത്ത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എസ്. എസ്. എൽ. സി. വിജയ ശതമാനം

968 [1164] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ മോഡറേഷൻ ഇല്ലാതെയുള്ള വിജയശതമാനം എത്രയായിരുന്നു?

ഉത്തരം

പൊതുതാൽപ്പര്യത്തെ മുൻനിർത്തി ഇക്കാര്യം വെളിപ്പെടുത്താൻ നിവൃത്തിയില്ല.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

969 [1165] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 4-ാം സ്റ്റാൻഡേർഡ് മുതൽ മാർക്കിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള സ്കോളർഷിപ്പ് തുകകൾ ഇതുവരെ വിതരണം ചെയ്യാത്ത എ. ഇ. ഒ. ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഇതേവരെ വിതരണം ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അടിയന്തിരമായി അവ വിതരണം ചെയ്യുവാൻ എ.ഇ.ഒ. മാർക്ക് നിർദ്ദേശം നൽകാമോ;

(ഡി) പുസ്തകങ്ങൾക്കും ബുക്കുകൾക്കും അമിതമായി വില വർദ്ധിച്ചതിന്റെ വെളിച്ചത്തിൽ ഈ വർഷത്തെ ലംപ്സംഗ്രാന്റ് തുകകൾ വർദ്ധിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി) സ്കോളർഷിപ്പു തുകകൾ വിതരണം ചെയ്തിട്ടുണ്ടെന്നാണ് വിവരം കിട്ടിയിട്ടുള്ളത്. ആർക്കെങ്കിലും കിട്ടിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ അവർക്ക് നൽകാൻ നിർദ്ദേശം നൽകുന്നതാണ്.

(ഡി) ഇക്കാര്യം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly